LIBRARY ARCHIVES Kerala Legislative Assembly

ആർ.എം.എസ്.എ. പദ്ധതി പ്രകാരം പ്രവർത്തിക്കുന്ന സ്കൂളുകൾ

15 (5079) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർ.എം.എസ്.എ. (രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭയാൻ) പദ്ധതി പ്രകാരം പ്രവർത്തിക്കുന്ന സ്കൂളുകളിലെ അനധ്യാപക നിയമനങ്ങളിൽ എത്ര ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെയാണ് പി.എസ്.സി. വഴി നിയമിച്ചിട്ടുള്ളത് എന്ന് ജില്ല തിരിച്ച് വിവരം ലഭ്യമാക്കാമോ ;

(ബി) നിയമനം ലഭിച്ചവരിൽ എത്ര പേർക്കാണ് ഇതുവരെ ശമ്പളം കിട്ടാതെ ജോലി ചെയ്തുവരുന്നത് എന്ന് വിശദമാക്കാമോ ;

(സി) നിയമനം ലഭിച്ചവരിൽ ഓരോരുത്തരും എന്നാണ് ജോലിയിൽ പ്രവേശിച്ചതെന്നും ഇതുവരെ എത്ര രൂപ ശമ്പളയിനത്തിൽ നൽകാനുള്ളതെന്നും ജില്ലതിരിച്ച് വിവരം ലഭ്യമാക്കുമോ ;

(ഡി) നിയമനം ലഭിച്ചവർക്ക് എത്രയും വേഗം ശമ്പളം നൽകാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആർ.എം.എസ്.എ. പദ്ധതി പ്രകാരം വയനാട് ജില്ലയിൽ 24 പേരെയും കാസർഗോഡ് ജില്ലയിൽ 6 പേരെയും ലാസ്റ്റ് ഗ്രേഡ് ജീവനക്കാരായി പി.എസ്.സി. വഴി നിയമിച്ചിട്ടുണ്ട്.

(ബി) വയനാട് ജില്ലയിൽ പി.എസ്.സി.വഴി നിയമനം നൽകിയ 24 പേരിൽ 21 പേർ ജോലിയിൽ പ്രവേശിച്ച് സർവ്വീസിൽ തുടരുന്നു. ഈ 21 പേർക്കാണ് ശമ്പളം കിട്ടാതെ ജോലി ചെയ്തുവരുന്നത്.

(സി) വിശദമായ വിവരം അനുബന്ധമായി ചേർക്കുന്നു.*

(ഡി) ആർ.എം.എസ്.എ. പദ്ധതിപ്രകാരം ഒരു സ്കൂളിൽ ഒരു ഓഫീസ് അസിസ്റ്റന്റ്/മൾട്ടി ടാസ്ക് സപ്പോർട്ടിംഗ് സ്റ്റാഫിന് മാത്രമാണ് എം.എച്ച്.ആർ.ഡി. യുടെ അംഗീകാരത്തിന് വിധേയമായി ശമ്പളം നൽകിയിരുന്നത്. 2015-16-ലെ ആർ.എം.എസ്.എ.-യുടെ വാർഷിക പദ്ധതിയിൽ അനദ്ധ്യാപക തസ്തികകൾക്ക് എം.എച്ച്.ആർ.ഡി. ഫണ്ട് അനുവദിച്ചിട്ടില്ല. അതുകൊണ്ട് വയനാട് ജില്ലയിൽ അധികമായി പി.എസ്.സി. വഴി നിയമനം ലഭിച്ച ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ആർ.എം.എസ്.എ.-യിൽനിന്നും ശമ്പളം നൽകാൻ കഴിയുന്നില്ല.

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.